**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 541** **28-06-2022 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 59/1-ൽ പ്പെട്ട 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനു നിർമ്മാണ നിർവഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ട്രഷറി കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന വേളയിൽ ചെറുപുഴ ഗ്രാമ പഞ്ചായത്ത്, ട്രഷറിക്കു അനുവദിച്ച പ്രസ്തുത ഭൂമി കൈയ്യേറി കെട്ടിടം നിർമ്മിച്ചതായി ബോധ്യപ്പെടുകയും ആയത് പഞ്ചായത്ത് ഭരണ സമിതിയെ യഥാസമയം അറിയിക്കുകയും ചെയ്യുകയുണ്ടായി. ഇതേ തുടർന്ന് പ്രസ്തുത സ്ഥലത്തോട് ചേർന്ന് കൈയ്യേറ്റം നടന്ന ഭൂമിക്ക് തുല്യമായി സ്വകാര്യ വ്യക്തിയുടെ ഭൂമി വാങ്ങി ട്രഷറിക്ക് നൽകുന്നതിനു പഞ്ചായത്ത് നടപടി സ്വീകരിക്കുകയുണ്ടായി. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ സബ് ഡിവിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. സൈറ്റ് പ്ലാനിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കെട്ടിടത്തിനായി സ്ഥലം ലഭ്യമാക്കിയിട്ടും നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | കെട്ടിടത്തിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ട് പോകുന്നതാണ്. |
| (സി) | ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | കെട്ടിടത്തിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങളുമായി വകപ്പ് മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ